**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/04/2018

Reg. No. KL/IDK/08/16-18
RNI Reg. No KERMAL/2004/12498
Posted at Thodupuzha Stg.




Printed at St. Mar... Printers, Murickassery-685 604
Editor, Printer & Publishe... Bishop's House, Idukki - 685 602

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 16
ഏപ്രിൽ 2018
ലക്കം 4



## കൃതജ്ഞതയോടെ...



NEWLY CONSECRATED
ST.GEORGE CHURCH CALVARYMOUNT



# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ


Volume : 15
Issue No. : 4
Month : April 2018





*Patron*
**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*
**Rev. Dr. Joseph Kochukunnel**

*Office*
Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Blueline Cheruthony

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 05 |
| രൂപതക്കച്ചേരി | 12 |
| ക്രിസ്തുജ്യോതി | 16 |
| സാമൂഹ്യസേവനം | 18 |
| തിരുബാല സഖ്യം | 23 |
| കെ.സി.എസ്.എൽ. | 24 |
| ജീസസ് യൂത്ത് | 26 |
| ചെറുപുഷ്പ മിഷൻലീഗ് | 26 |
| പ്രാർത്ഥനാഗ്രൂപ്പ് | 29 |
| കുടുംബപ്രേഷിതത്വം | 31 |
| മാതൃവേദി | 31 |
| ആത്മജ്യോതിയിലെ പരിപാടികൾ | 35 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 40 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 41 |


*"Lent is the road that leads from slavery to freedom, from suffering to joy, from death to life."*
Pope Francis, Tweet, 16-03-2018

## ഓർമ്മിക്കാൻ

### ഏപ്രിൽ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

01 : നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ
01-06 : എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി
05 : മെത്രാഭിഷേകം, കത്തീഡ്രൽ വാഴത്തോപ്പ്
06 : വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെ തിരുനാൾ)
07 : വിശ്വാസപരിശീലന വാർഷിക പരീക്ഷ
09 : വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷ
06-08 : ഗോത്രരശ്മി, ആത്മജ്യോതി, അടിമാലി
07-08 : തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി
08 : പുതുഞായർ
09-11 : വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി
12-14 : Success Mind, ആത്മജ്യോതി, അടിമാലി
14-15 : സി.എം.എൽ. മീറ്റിംഗ്, ആത്മജ്യോതി, അടിമാലി
16-18 : YES സി.എം.എൽ., ആത്മജ്യോതി, അടിമാലി
19-21 : കെ.സി.വൈ.എം. മീറ്റിംഗ്, ആത്മജ്യോതി, അടിമാലി
22-24 : ഗോത്രരശ്മി, ആത്മജ്യോതി, അടിമാലി
24 : വി. ഗീവർഗ്ഗീസ്
25 : വി. മർക്കോസ് സുവിശേഷകൻ
27-29 : വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി
28 : സിയന്നായിലെ വി. കത്രീന (29 ഞായർ)
29 : മാർ അദ്ദായി

**PL. NO. 89**

ദൈവകൃപയാൽ

ഇടുക്കിരൂപതയുടെ മെത്രാനായ

## മാർ മാത്യു ആനിക്കുഴിക്കാട്ടിൽ

നമ്മുടെ രൂപതയിലെ ബഹു. വൈദികർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്.

നമ്മുടെ കർത്താവിശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കേവർക്കുമുണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ആദ്യംതന്നെ എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഹൈറേഞ്ച് ജനതയുടെ ദീർഘനാളത്തെ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും സാക്ഷാത്കാരമായി 2003 മാർച്ച് 2-ാം തീയതി നിലവിൽ വന്ന ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായി വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായാൽ നിയോഗിക്കപ്പെട്ട ഞാൻ എന്റെ ശുശ്രൂഷയുടെ പതിനഞ്ചു വർഷങ്ങൾ പൂർത്തിയാക്കി വിശ്രമ ജീവിതത്തിലേയ്ക്കു പ്രവേശിക്കുകയാണ്. കഴിഞ്ഞ ഒന്നര പതിറ്റാണ്ടിനിടയിൽ എന്നിലൂടെ ഇടുക്കി രൂപതയ്ക്ക് ദൈവം നൽകിയ നിരവധിയായ നന്മകളെയോർത്ത് സങ്കീർത്തകനോട് ചേർന്ന് ദൈവത്തിനു ഞാൻ കൃതജ്ഞത അർപ്പിക്കുന്നു: ''കർത്താവിനെ സ്തുതിക്കുവിൻ........നമ്മോടുള്ള അവിടുത്തെ കാരുണ്യം ശക്തമാണ്. കർത്താവിന്റെ വിശ്വസ്തത എന്നേക്കും നിലനില്ക്കുന്നു. കർത്താവിനെ സ്തുതിക്കുവിൻ'' (സങ്കീ. 117:1-2).

ഹൈറേഞ്ച് പ്രദേശത്തിന്റെ വളർച്ചയുടെ ചരിത്രം കോതമംഗലം രൂപതയുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. മാതൃരൂപതയായ കോതമംഗലം രൂപതയിലെ



ഇടയന്മാരായിരുന്ന അഭിവന്ദ്യ മാർ മാത്യു പോത്തനാംമൂഴി പിതാവിന്റെയും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിന്റെയും ദീർഘവീക്ഷണവും കരുതലും അവിഭക്ത കോതമംഗലം രൂപതയിലെ വൈദികരുടെ ത്യാഗപൂർവ്വകമായ കഠിനാദ്ധ്വാനവും സമർപ്പിതരുടെ നിസ്വാർത്ഥമായ ശുശ്രൂഷയും, പ്രേഷിതതീക്ഷ്ണതയും ഇടുക്കിയുടെ വളർച്ചയുടെ അടിസ്ഥാനമായി നിലകൊള്ളുന്നു. 2003 ആയപ്പോഴേക്കും അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു പ്രദേശമായി ഹൈറേഞ്ച് മേഖല വികസിച്ചു. മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ അവരെയെല്ലാം നന്ദിപൂർവ്വം അനുസ്മരിക്കുന്നു. അവരോട് ഇടുക്കി രൂപതയെന്നും കടപ്പെട്ടിരിക്കുന്നു.

ഇടുക്കി രൂപതയുടെ മെത്രാനായി നിയോഗിക്കപ്പെട്ടതുമുതൽ ഇന്നുവരെ എന്റെ പ്രാർത്ഥനകളിൽ നിങ്ങളെല്ലാവരുമുണ്ട്. ഭൗതികസൗകര്യങ്ങൾ കുറവാണെങ്കിലും ദൈവവിശ്വാസത്താൽ സമ്പന്നമായ ഒരു ജനതയാണിവിടെയുള്ളത്. ബലഹീനനായ എന്നിലൂടെ ദൈവം പ്രവർത്തിക്കുമെന്നും നിങ്ങളെല്ലാവരും രൂപതയെ പടുത്തുയർത്തുന്നതിൽ ഉദാരമായി സഹകരിക്കുമെന്നുമുള്ള ആഴമേറിയ ബോധ്യം എനിക്കുണ്ടായിരുന്നു. ഈശോമിശിഹായിൽ ദൈവീകരിക്കപ്പെട്ട ഒരു സമൂഹമായി രൂപത വളരണമെന്ന തീവ്രമായ ആഗ്രഹത്തോടെയാണ് 'ക്രിസ്തുവിലുള്ള ദൈവീകരണം' എന്ന മുദ്രാവാക്യം ഞാൻ സ്വീകരിച്ചതുതന്നെ.

പുതിയ ഒരു രൂപത പടത്തുയർത്തുക എന്നത് ഏറെ ശ്രമകരമായിരുന്നു. മൈനർ സെമിനാരി പണിയണം; കത്തീഡ്രൽ ദേവാലയം നിർമ്മിക്കണം; ബിഷപ്പ്സ് ഹൗസിൽ വളരെ പരിമിതസൗകര്യങ്ങൾ മാത്രം; വൈദിക വിദ്യാർത്ഥികളുടെ പഠനച്ചെലവു കണ്ടെത്തണം. നിങ്ങളുടെ മുമ്പിൽ രൂപതയുടെ വിവിധ ആവശ്യങ്ങൾ ഞാൻ അവതരിപ്പിച്ചപ്പോൾ നിങ്ങൾ കഴിവിന്റെ പരമാവധി ഉദാരമായി സഹകരിച്ചു. കഷ്ടപ്പാടനുഭവിച്ച് വളരുന്ന സാധാരണക്കാരായ നിങ്ങൾ അപരന്റെ ആവശ്യങ്ങളിൽ, സമൂഹത്തിന്റെ പൊതുവായ കാര്യങ്ങളിൽ കൈനിറയെ ദാനം ചെയ്യുമെന്ന് തെളിയിച്ചു. മനോഹരമായ ഒരു സെമിനാരിയും, ശില്പഭംഗിയാലും

ഗാംഭീര്യത്താലും രൂപതയ്ക്ക് തിലകക്കുറിയായി നില്ക്കുന്ന കത്തീഡ്രൽ ദൈവാലയവും, ബിഷപ്സ് ഹൗസിനോട് ചേർന്ന് നിർമ്മിച്ച അജപാലന കേന്ദ്രവും, അടിമാലിയിലെ വൈദിക വിശ്രമജീവിതത്തിനുള്ള മന്ദിരവും പടുത്തുയർത്താൻ നിങ്ങളുടെ സംഭാവനകൾ വലിയ സഹായമായി. രൂപതയ്ക്ക് പുറമെനിന്ന് വിവിധ ഇടവകകളും നല്ലവരായ കുറെ മനുഷ്യരും ആദ്യവർഷങ്ങളിൽ ഏറെ സഹായിച്ചതും നന്ദിയോടെ അനുസ്മരിക്കുന്നു.

രൂപതാ സ്ഥാപനത്തിന്റെ ആദ്യവർഷംതന്നെ മൈനർ സെമിനാരി ആരംഭിക്കുവാൻ നമുക്ക് സാധിച്ചു. 2003 ജൂൺ മാസത്തിൽ തീർത്തും പരിമിതമായ സാഹചര്യത്തിൽ മൈനർ സെമിനാരിക്ക് തുടക്കം കുറിച്ചു. സമർപ്പണ മനോഭാവവും ത്യാഗസന്നദ്ധതയുമുള്ള നിരവധി ചെറുപ്പക്കാർ വൈദികപരിശീലനത്തിനായി കടന്നുവന്നു. നമുക്ക് ധാരാളം നല്ല ദൈവവിളികൾ ഓരോ വർഷവും ലഭിക്കുന്നതിനെയോർത്ത് ദൈവത്തിനു നന്ദിയർപ്പിക്കാം. വൈദികരുടെ എണ്ണത്തിൽ നാമിന്ന് സ്വയം പര്യാപ്തരാണ്. രൂപതയുടെ തുടക്കത്തിലുണ്ടായിരുന്ന 69 വൈദികരുടെ സംഖ്യ ഇന്ന് 183 ൽ എത്തിയെന്നറിയുമ്പോഴാണ് ദൈവം നമ്മെ എത്രമാത്രം അനുഗ്രഹിച്ചുവെന്ന് നാമറിയുന്നത്. മാത്രമല്ല, പരിശീലനത്തിന്റെ വിവിധ ഘട്ടങ്ങളിലായി ധാരാളം വൈദിക വിദ്യാർത്ഥികളും ഇന്നു രൂപതയ്ക്കുണ്ട്. ഇടവകകൾ തരുന്ന സംഭാവനയാണ് അവരുടെ പഠനച്ചെലവിനുള്ള ഏകവഴി. നിങ്ങളുടെ ഉദാരമായ സംഭാവനകൾക്ക് നന്ദിപറയുമ്പോൾ ദൈവവിളി പ്രോത്സാഹനം ഓരോ ക്രൈസ്തവന്റെയും കടമയാണെന്ന കാര്യംകൂടി ഓർമ്മിപ്പിക്കുന്നു.

എന്റെ അജപാലന ശുശ്രൂഷയിൽ ഞാൻ ഏറ്റവുമധികം ഊന്നൽ കൊടുത്ത മേഖല കുടുംബങ്ങളുടെ വിശുദ്ധീകരണമാണ്. നല്ല കുടുബങ്ങളാണ് സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനം. നല്ല കുടുംബങ്ങളിൽനിന്നേ നല്ല ദൈവവിളികൾ ഉണ്ടാകു. നമ്മുടെ സഭയുടെ ശക്തി കുടുംബബന്ധങ്ങളിൽ നാം പുലർത്തിവരുന്ന നിഷ്ഠകളും, നല്ല പാരമ്പര്യങ്ങളും, കാത്തുസൂക്ഷിച്ച വിശുദ്ധിയുമാണ്. കുടുംബം ഇന്ന് ഏറെ വെല്ലുവിളികൾ നേരിടുന്നുണ്ട്. കുടുംബബന്ധങ്ങളിൽ വന്ന അപചയം ഏറെ വേദനാജനകമാണ്. നമ്മുടെ കുടുംബങ്ങൾ പരിശുദ്ധാരൂപിയാൽ നയിക്കപ്പെടണം. കുടുംബപ്രാർത്ഥന ഒരിക്കലും മുടക്കരുത്. നസ്രത്തിലെ തിരുക്കുടുംബംപോലെ നമ്മുടെ കുടുംബങ്ങളും പ്രാർത്ഥനയിലും, പങ്കുവയ്ക്കലിലും, ത്യാഗപൂർവ്വകമായ വിട്ടുവീഴ്ചകളിലും അഭിവൃദ്ധി പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഭക്തസംഘടനകൾ ഏറെ സജീവമായി പ്രവർത്തിക്കുന്ന രൂപതയാണ് നമ്മുടേത്. സജീവമായ സംഘടനകൾ ജീവനുള്ള സഭയേയും ഇടവകയേയും സൂചിപ്പിക്കുന്നു. നമ്മുടെ രൂപതയിലെ കുടുംബകൂട്ടായ്മാ ഭാരവാഹികൾ, ഭക്തസംഘടനകളുടെ നേതൃത്വം വഹിക്കുന്നവർ, കൈക്കാരൻമാർ, മതാദ്ധ്യാപകർ, പാരീഷ്കൗൺസിൽ അംഗങ്ങൾ, അൾത്താര ശുശ്രൂഷികൾ, അത്മായ പ്രേഷിതർ എന്നിവരുടെയെല്ലാം സേവനങ്ങളെ ഞാൻ അനുസ്മരിക്കുന്നു. കൂടുതൽ തീക്ഷ്ണതയോടെ തുടർന്നും സഭയെ കെട്ടിപ്പടുക്കുവാൻ നിങ്ങൾക്കിടയാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രൂപതയുടെ ആരംഭം മുതൽ ഇന്നുവരെ എന്നോടൊപ്പം സഹകരിച്ച എന്റെ പ്രിയപ്പെട്ട വൈദിക സഹോദരരെയെല്ലാവരെയുംപറ്റി എനിക്ക് വലിയ അഭിമാനവും സന്തോഷവുമുണ്ട്. ഇടവകകളിൽ, ഇല്ലായ്മകൾ അവഗണിച്ച് കഠിനാധ്വാനം ചെയ്യുന്ന വൈദികരുടെ സാന്നിധ്യം എന്റെ ബലമായിരുന്നു. രൂപതയുടെ അജപാലനപരവും സ്ഥാപനപരവുമായ വളർച്ചയ്ക്കായി നിങ്ങളൊഴുക്കിയ വിയർപ്പിന് ഏറെ വിലയുണ്ട്. ആടുകളുടെ ഗന്ധം പേറുന്ന ഇടയന്മാരായി ശുശ്രൂഷ നിർവ്വഹിക്കാൻ ഇനിയും നിങ്ങൾക്ക് ഇടയാകട്ടെ.

നമ്മുടെ സമർപ്പിതരുടെ മേഖലയിൽ യുവത്വത്തിന്റെ പ്രസരിപ്പുണ്ട്. ഇടവകയുടെ പുളിമാവായി പ്രവർത്തിക്കുന്ന സന്യാസ സഹോദരങ്ങളുടെ സേവനത്തെ ഏറെ വിലമതിക്കുന്നു. അമ്മമാരുടെയിടയിലും കുട്ടികളുടേയും യുവജനങ്ങളുടേയും ഇടയിലും അവർ സേവനത്തിന്റെ പ്രകാശനാളങ്ങളായി വർത്തിക്കുന്നു. രോഗികളുടെയും ദുർബലരുടേയുംമധ്യേ അവർ ചെയ്യുന്ന സേവനങ്ങൾ ഏറെ ശ്ലാഘനീയമാണ്. വിദ്യാഭ്യാസരംഗത്തും ആതുര

സേവനരംഗത്തും അവരുടെ പ്രവർത്തനങ്ങൾ ഏറെ വിലപ്പെട്ടതാണ്. നിങ്ങളുടെ വിളിയോടുള്ള വിശ്വസ്തതയിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കാനിടവരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

2003 മുതൽ അജപാലന മേഖലയിൽ നടപ്പിലാക്കിയ ചില വികസന പ്രവർത്തനങ്ങൾക്കൂടി ഓർമ്മിക്കുവാൻ ആഗ്രഹിക്കുന്നു. നിരവധി ദൈവാലയങ്ങൾ പുതുക്കിപ്പണിയുവാനിടയായി. പുതിയ ഇടവകകൾ സ്ഥാപിക്കപ്പെട്ടു. വൈദിക മന്ദിരങ്ങൾ നവീകരിക്കപ്പെട്ടു. ചെറുതും വലുതുമായ പാരീഷ്ഹാളുകൾ നിർമ്മിക്കപ്പെട്ടു. ദൈവശാസ്ത്ര വിഷയങ്ങളിൽ ഉന്നത ബിരുദം നേടിയ വൈദികരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. കേരളത്തിലെ 3 പ്രധാന മേജർ സെമിനാരികളിലും നമ്മുടെ വൈദികരുടെ സാന്നിധ്യമുണ്ട്. തങ്ങളുടെ പ്രാഗത്ഭ്യം സഭയുടെ മുഴുവൻ നന്മയ്ക്കായി സന്തോഷപൂർവ്വം അവർ വിനിയോഗിക്കുന്നുവെന്നത് അഭിമാനകരമാണ്. അല്മായർക്ക് ദൈവശാസ്ത്ര പഠനത്തിനുള്ള അവസരം രൂപതയിലുണ്ട്. മതബോധനരംഗം കാലാനുസൃതമായി നവീകരിക്കപ്പെടുകയും കൂടുതൽ ചലനാത്മകമാവുകയും ചെയ്തിട്ടുണ്ട്. CML, KCSL, KCYM, AKCC, മാതൃവേദി തുടങ്ങിയ ഭക്തസംഘടനകളുടെ പ്രവർത്തനം കേരളസഭാതലത്തിൽ മികവുറ്റതാണെന്നുള്ളത് നമ്മുടെ രൂപതയുടെ വളർച്ചയുടെ വലിയ ഒരു സൂചനയാണ്.

തനിക്കുചുറ്റും വസിക്കുന്ന മനുഷ്യസമൂഹത്തോട് സമ്പർക്കം പുലർത്തുകയെന്നത് സഭയുടെ ചുമതലയാണ്. എല്ലാ മനുഷ്യരുടെയും, വിശിഷ്യാ പാവങ്ങളുടെയും പീഡിതരുടെയും സങ്കടങ്ങളും ഉത്കണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടേതു കൂടിയാണെന്ന് 2-ാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു. അതിനാൽ, ഇന്നാട്ടിൽ ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങളിൽ നിശ്ശബ്ദയായിരിക്കാൻ ഇവിടുത്തെ പ്രാദേശികസഭയ്ക്ക് കഴിയില്ല. അതിനാലാണ് മലയോര കർഷകരുടെ ചിരകാല സ്വപ്നമായ പട്ടയ വിഷയത്തിൽ രൂപത ഇടപെട്ടത്. പട്ടയപ്രശ്നത്തിന്റെ സങ്കീർണ്ണത മലയോര ജനതയുടെ അതിജീവനത്തെയാണ് ബാധിക്കുന്നതെന്ന് അനുഭവങ്ങളിലൂടെ നമുക്കറിയാം. പട്ടയപ്രശ്നം ഇവിടെ കാലങ്ങളായി അധിവസിക്കുന്ന ഏവരുടെയും



പ്രശ്നമാണ് നാനാജാതിമതസ്ഥരായ സാധാരണക്കാരെ അത് രൂക്ഷമായി ബാധിക്കുന്നുവെന്നും അത് ക്രൈസ്തവന്റെ മാത്രം പ്രശ്നമല്ലായെന്നും നമുക്കറിയാം. ഈ സാഹചര്യത്തിലാണ് ഹൈറേഞ്ച് സംരക്ഷണസമിതിയുടെ രൂപീകരണം.

പശ്ചിമഘട്ടസംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾ വഴിയായി വലിയ ഭയാശങ്കകൾ മലയോരജനതയിലുണ്ടായി. സമരപാതയിലേക്ക് ഇവിടുത്തെ സഭയെ നയിച്ചത് പതിറ്റാണ്ടുകളായി ഇവിടെ അധിവസിക്കുന്ന ജനങ്ങളുടെ അതിജീവനത്തിനുള്ള അവകാശത്തെ ഹനിക്കുന്ന ആ റിപ്പേർട്ടുകളിലെ തീർത്തും പ്രതിലോമകരമായ നിലപാടുകളായിരുന്നു. ജനതയുടെ സാധാരണ ജീവിത പ്രക്രിയകളായ ഭൂമി കൈമാറ്റം, ഭവനനിർമ്മാണം, കാർഷികപരമായ അനുബന്ധ പ്രവർത്തനങ്ങൾ മറ്റു വികസന പ്രവർത്തനങ്ങൾ എന്നിവ ഒഴിവാക്കിയാൽ നാമെവിടെപ്പോയി ജീവിക്കും? കേരളത്തിലെ പൊതുസമൂഹത്തെ ഇടുക്കി രൂപതയറിയിച്ചത് ഇവിടുത്തെ സാധാരണക്കാരുടെ വേദനകളും ആകുലതകളുമാണ്. പരിസ്ഥിതി സംരക്ഷണം അനിവാര്യമാണ്. അത് നടപ്പിലാക്കേണ്ടത് ജനങ്ങളുടെ ആശങ്കകൾ പരിഗണിച്ചും ജനപങ്കാളിത്തത്തോടെയുമാകണം. അതിൽ വിവേചനം പാടില്ല. അതായിരുന്നു രൂപതയുടെ നിലപാട്.

വിവിധ വികസനപദ്ധതികൾ, ജൈവകൃഷിയുടെ പ്രോത്സാഹനം, സ്വാശ്രയസംഘങ്ങളുടെ രൂപീകരണം, ക്രിയാത്മകമായ ഇടപെടലുകൾ എന്നിവ വഴിയായി ഹൈറേഞ്ച് ഡെവലപ്പ്മെന്റ് സൊസൈറ്റി ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. രൂപതയിൽ നടപ്പിലാക്കിയ ബത്‌ലഹേം ഭവന പദ്ധതി, ഈശോയ്ക്കൊരു വീട്, കാരുണ്യവർഷ ഭവനനിർമ്മാണം എന്നീ സംരംഭങ്ങളിലൂടെ നിരവധി ഭവനരഹിതർക്ക് വീടു നിർമ്മിച്ചു നല്കുവാൻ കഴിഞ്ഞു. അതിനായി സഹായിച്ച ഏവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. 'ഗുഡ്സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ' അനേകം കിടപ്പുരോഗികൾക്കാശ്വാസമാണ്. 'അഞ്ജനം' നേത്രദാന പദ്ധതിയും

ശ്രദ്ധേയമാണ്. ഇടുക്കി മെഡിക്കൽ കോളേജിൽ നിർദ്ധനരായ രോഗികൾക്ക് എല്ലാദിവസവും വൈകുന്നേരം അത്താഴം നല്കുവാനും ബത്‌ലഹേം കാരിത്താസ് എന്ന സംരംഭം വഴിയായി സാധിക്കുന്നു.

വിദ്യാഭ്യാസ മേഖലയിൽ രൂപത മികച്ച പ്രവർത്തനം നടത്തുന്നുണ്ട്. മരിയാപുരം, മാങ്കുളം എന്നിവിടങ്ങളിൽ പുതിയ ഹയർസെക്കൻഡറി സ്കൂളുകൾ അനുവദിക്കപ്പെട്ടു; മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ പുതിയ കോഴ്‌സുകൾ ആരംഭിക്കുവാനും നിരവധി വികസന പ്രവർത്തനങ്ങൾ നടത്തുവാനും സാധിച്ചു. രാജമുടി കേന്ദ്രമായി സ്വാശ്രയമേഖലയിൽ മാർ സ്ലീവാ കോളേജ് പ്രവർത്തനം ആരംഭിച്ചു. നിരവധി സ്കൂൾകെട്ടിടങ്ങൾ ജനപങ്കാളിത്തത്തോടെ പുതുക്കിപ്പണിതു. വിദ്യാഭ്യാസമേഖലയിൽ ആത്മാർത്ഥതയോടെ അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്ന എല്ലാ അദ്ധ്യാപകർക്കും എന്റെ നന്ദി അറിയിക്കുന്നു.

ഈ നാട്ടിലെ നാനാജാതിമതസ്ഥരായ വ്യക്തികളും രാഷ്ട്രീയപ്രവർത്തകരും ജനപ്രതിനിധികളും എന്നോട് കാണിച്ചിട്ടുള്ള താല്പര്യത്തിനും സഹകരണത്തിനും നന്ദി അറിയിക്കുന്നു. ഇടുക്കി രൂപത ഇവിടെ അധിവസിക്കുന്ന ഏവരുടേതുമാണ്. മതമോ, രാഷ്ട്രീയമോ നോക്കാതെ ഏവരെയും ബഹുമാനിക്കുന്ന ക്രൈസ്തവസംസ്കാരമാണ് നമ്മൾ പിന്തുടരുന്നത്. ഈശോയുടെ ഹൃദയത്തിൽനിന്ന് നിർഗ്ഗളിക്കുന്ന ദൈവസ്നേഹം തുടർന്നും നമുക്ക് മറ്റുള്ളവരുമായി പങ്കുവയ്ക്കാം.

രൂപതാകാര്യാലയത്തിൽ എന്റെ ഏറ്റവും അടുത്ത സഹപ്രവർത്തകരായിരുന്ന ഓരോ വൈദികരേയും നന്ദിയോടെ അനുസ്മരിക്കുന്നു. വികാരി ജനറാൾമാരായി ശുശ്രൂഷ ചെയ്ത പെ. ബ. തോമസ് പെരിയപ്പുറം, പെ. ബ. മാത്യു തൊട്ടിയിൽ, പെ. ബ. ജെയിംസ് മംഗലശ്ശേരിയിൽ ഇപ്പോഴത്തെ വികാരി ജനറാൾ പെ. ബ. ജോസ് പ്ലാച്ചിക്കൽ എന്നിവർ എന്റെ വലംകൈയായി പ്രവർത്തിച്ചവരാണ്. അവരുടെ സേവനങ്ങളെ നന്ദിപൂർവ്വം ഓർമ്മിക്കുന്നു. രൂപതാ ചാൻസിലർമാർ, പ്രൊക്കൂറേറ്റർമാർ, ജുഡീഷ്യൽ വികാരിമാർ,



വൈദികപരിശീലനരംഗത്ത് പ്രവർത്തിച്ചവർ, ഭക്തസംഘടനകളുടെയും ഇതര പ്രസ്ഥാനങ്ങളുടെയും ഡയറക്ടർമാർ, രൂപതാ ആലോചനാ സമിതിയംഗങ്ങൾ, പ്രസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യൽമാർ എന്നിവരോടും നന്ദി അറിയിക്കുന്നു.

ഈ സന്ദർഭത്തിൽ യുവജനങ്ങളേയും വിദ്യാർത്ഥിനീ വിദ്യാർത്ഥികളെയും സവിശേഷമായ ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കട്ടെ: ഇടുക്കിയിലെ സഭയുടെ ഭാവി നിങ്ങളുടെ കരങ്ങളിലാണ്. യഥാർത്ഥ ക്രിസ്തീയ വിശ്വാസത്തിലും ധാർമ്മിക മൂല്യങ്ങളിലും അടിയുറച്ച് നിങ്ങൾ മുന്നേറണം. ക്രൈസ്തവ വിശ്വാസത്തിന്റെ സന്തോഷവും സൗന്ദര്യവും നിങ്ങൾ കൂടുതൽ അറിയുകയും ആദരിക്കുകയും വേണം. പൊതുവേദികളിൽ ധീരതയോടെ നിങ്ങൾ ഈശോയ്ക്ക് സാക്ഷികളാകണം. മനുഷ്യർ നിങ്ങളുടെ നല്ലപ്രവൃത്തികൾ കണ്ട് ദൈവപിതാവിനെ മഹത്വപ്പെടുത്താനിടവരട്ടെ. മുൻതലമുറകളുടെ കഠിനാധ്വാനവും കഷ്ടപ്പാടുമാണ് ഇന്നത്തെ മെച്ചപ്പെട്ട സ്ഥിതിക്ക് കാരണമെന്ന് നിങ്ങൾ മറക്കരുത്. ഈ നാടിനോടും മുതിർന്ന തലമുറയോടും പ്രതിബദ്ധതയുള്ളവരായി വളരണം. നല്ല ഉദ്യോഗസ്ഥരും നേതാക്കൻമാരും നിങ്ങളിൽ നിന്നുണ്ടാവണം. നാമെല്ലാവരും വിളിക്കപ്പെട്ടവരും അയയ്ക്കപ്പെട്ടവരുമാണ് (മത്താ. 4:19).

''കർത്താവ് എന്റെ ഇടയനാകുന്നു, എനിക്കൊന്നിനും കുറവുണ്ടാകുകയില്ല'' എന്ന തിരുവചനത്തിലാശ്രയിച്ച് 15 വർഷങ്ങൾ നിങ്ങളോടൊപ്പം അനുയാത്ര ചെയ്യുവാൻ ദൈവം എനിക്ക് അവസരമൊരുക്കി. കഴിഞ്ഞ ഒരു വർഷക്കാലമായി പൊതുവേദികളിൽ വളരെയൊന്നും സന്നിഹിതനാകുവാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. എങ്കിലും സഭ എന്നെ ഏല്പിച്ച ദൗത്യം പൂർത്തീകരിക്കാനിടയായതിൽ ഏറെ സന്തോഷമുണ്ട്. ഇക്കാലമത്രയും എന്നോട് കാണിച്ച എല്ലാ സഹകരണങ്ങൾക്കും ആത്മാർത്ഥമായി നന്ദി അറിയിക്കട്ടെ. ദൈവം നിങ്ങളേവരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

എന്റെ പിൻഗാമിയായി നിയുക്തനായിരിക്കുന്ന പെ. ബ. ജോൺ നെല്ലിക്കുന്നേൽ പിതാവിനോടും നിങ്ങളേവരും സഹകരിക്കണമെന്നും അദ്ദേഹത്തിനായി പ്രാർത്ഥിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. നമ്മുടെ രൂപത മലമുകളിൽ ഉയർത്തപ്പെട്ട ദീപംപോലെ അനേകർക്ക് പ്രകാശവും പ്രത്യാശയും പകരുവാനിടയാവട്ടെ. വിശ്വാസചൈതന്യത്തിലധിഷ്ഠിതവും ആരാധന ക്രമത്തിൽ പരിപുഷ്ടവും കൂട്ടായ്മയിൽ വികസിതവുമായ ഒരു സമൂഹമായി നമുക്കിനിയും മുന്നേറാം. എനിക്ക് നിങ്ങൾക്ക് തരാനുള്ള ആശംസ കൊളോ. 1:9-13 വരെയുള്ള ഉദ്ബോധനമാണ്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് സുവിശേഷത്തിനു സാക്ഷികളായി, കർത്താവിനു യോജിച്ചതും അവിടുത്തേക്ക് തികച്ചും പ്രീതിജനകവുമായ ഒരു ജീവിതം നയിക്കാൻ നിങ്ങൾക്കിടയാകട്ടെ. ഒരു സ്നേഹക്കൂട്ടായ്മയായി തീർത്ഥാടനം തുടരുവാൻ നമ്മുടെ രൂപതയ്ക്കിടയാവട്ടെ.

നമ്മുടെ ഓരോ ചുവടുവയ്പിലും പരി. അമ്മ നമ്മെ കാത്തുപരിപാലിക്കട്ടെ. നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടുവാൻ അമ്മ നമ്മോടൊപ്പമുണ്ട്. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ വിശ്വാസ ധീരതയും പ്രേഷിത ചൈതന്യവും നമുക്ക് പ്രചോദനമാകട്ടെ. ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിക്കുമ്പോഴും എന്റെ എളിയ പ്രാർത്ഥനകൾവഴി തുടർന്നുള്ള കാലവും ഞാൻ നിങ്ങളോടൊപ്പമുണ്ടായിരിക്കും. നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും ഓർമ്മിക്കണമെന്ന് നിങ്ങളേവരോടും അഭ്യർത്ഥിക്കുന്നു.

ഉത്ഥിതനായ ഈശോ നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്,

+മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

**NB:** 2018 ഏപ്രിൽ 8-ാം തീയതി ഈ ഇടയലേഖനം എല്ലാ ദൈവാലയങ്ങളിലും, ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.



# രൂപതക്കച്ചേരി

## C. 22/18 നാമഹേതുകത്തിരുനാൾ ആശംസകൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനും ഇപ്പോഴത്തെ ഇടയനായ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ഇടുക്കി രൂപതാ കുടുംബത്തിന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

*Bishop*

## C. 23/18 വി. മൂറോൻ

പെസഹാ വ്യാഴാഴ്ച അഭിവന്ദ്യ പിതാവ് കൂദാശ ചെയ്ത വി. മൂറോൻ എത്രയും വേഗം പള്ളികളിലേക്ക് കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ. മാമ്മോദീസായ്ക്കുള്ള തൈലവും ജലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനും പുതുതായി കൂദാശ ചെയ്ത വി. മൂറോനാണ് ഉപയോഗിക്കേണ്ടത്.

*Proto-syncellus*

## C. 24/18 Monthly Recollection for Priests

മാർച്ച് മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 218 മുതൽ 224 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

## C. 25/18 ആണ്ട് തിരട്ട് ഓഡിറ്റിങ്ങ്

മാർച്ച് മാസത്തിലെ സഹ്യനാദത്തിൽ ചേർത്തിരുന്നതുപോലെ 2017-18 സാമ്പത്തിക വർഷത്തിലെ തിരട്ടിന്റെ ഓഡിറ്റിങ്ങ് ഏപ്രിൽ 30-ാം തീയതിയും മെയ് 7-ാം തീയതിയുമായി പാവനാത്മാ

കോളേജിൽ ക്രമീകരിച്ചിരുന്നത് ചില സാങ്കേതിക കാരണങ്ങളാൽ അതേ ദിവസങ്ങളിൽ രാജമുടി മാർ സ്ലീവാ കോളേജിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ബഹു. വികാരിമാർ ഇക്കാര്യം ശ്രദ്ധിച്ച് തിരട്ട് ഓഡിറ്റിങ്ങിനായി എത്തിക്കുവാൻ ശ്രമിക്കുമല്ലോ.

*Bishop*

**C. 26/18 തിരുനാൾ ആശംസകൾ**

| | |
|---|---|
| റവ. ഫാ. ജോർജ്ജ് ചക്കാങ്കൽ | ഏപ്രിൽ 24 |
| റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കൊല്ലംപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ | ” |
| റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി | ” |
| റവ. ഫാ. ജോർജ്ജ് തകടിയേൽ | ” |
| റവ. ഫാ. ജോർജ്ജ് തുമ്പനിരപ്പേൽ | ” |
| റവ. ഫാ. ജോർജ്ജ് നിരവത്ത് | ” |
| റവ. ഫാ. ജോർജ്ജ് വലിയവീട്ടിൽ | ” |
| റവ. ഫാ. ജോർജ്ജ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് ഇടവഴിക്കൽ | ” |
| റവ. ഫാ. ജോർജ്ജ് കരിന്തേൽ | ” |
| റവ. ഫാ. ജോർജ്ജ് മുല്ലൂർ | ” |
| റവ. ഫാ. ജോർജ്ജ് നല്ലൂക്കുന്നേൽ | ” |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (ജൂണിയർ) | ” |
| റവ. ഫാ. ജോർജ്ജ് പെരുമാലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൈതോലിൽ | ” |
| റവ. ഫാ. ജോർജ്ജ് കൊച്ചിത്തറ | ” |
| റവ. ഫാ. വർഗീസ് മറ്റത്തിൽ | ” |
| റവ. ഫാ. ജോർജ്ജ് നമ്പ്യാപറമ്പിൽ | ” |
| റവ. ഫാ. ജോർജ്ജ് കീരംച്ചിറയിൽ (MST) | ” |
| റവ. ഫാ. ജോർജ്ജ് കോലത്തുപടവിൽ | ” |
| റവ. ഫാ. ജോർജ്ജ് പള്ളിവാതുക്കൽ | ” |
| റവ. ഫാ. മർക്കോസ് ചിറ്റേമാരിയിൽ | ഏപ്രിൽ 25 |

*Bishop*



# ക്രിസ്തുജ്യോതി

**CJ.23/18 വാർഷിക റിപ്പോർട്ട്**

സുവിശേഷോത്സവ് ക്ലാസുകൾ കഴിഞ്ഞ് ഏപ്രിൽ 17 ന് മുമ്പായി വാർഷിക റിപ്പോർട്ട് ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ ഗ്രേഡ് നിർണ്ണയത്തിന് പരിഗണിക്കുന്നതല്ല.

**CJ. 24/18 വാർഷിക - സ്കോളർഷിപ് പരീക്ഷകൾ**

വാർഷിക പരീക്ഷ ഒന്നുമുതൽ ഒൻപതാം ക്ലാസ് വരെയും പതിനൊന്നാം ക്ലാസിന്റെയും പരീക്ഷ ഏപ്രിൽ 7 ന് രാവിലെ 9 മുതൽ 11 വരെയും 10, 12 ക്ലാസുകളുടെ പരീക്ഷ 11 am മുതൽ 1 pm വരെയുമായിരിക്കും. പരീക്ഷാസമയം കൃത്യമായി പാലിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

സ്കോളർഷിപ്പു പരീക്ഷ ഏപ്രിൽ 9 ന് രാവിലെ 10 am മുതൽ 12 pm വരെ അതാതു ഫൊറോനകളിൽ (കൂടുതൽ വിവരങ്ങൾക്ക് മാർച്ച് ലക്കം സഹ്യനാദം നോക്കുക). മുരിക്കാശ്ശേരി, തോപ്രാംകുടി, മാങ്കുളം എന്നീ സ്ഥലങ്ങളും പരീക്ഷാ കേന്ദ്രങ്ങളായിരിക്കും.

**CJ. 25/18 മതാദ്ധ്യാപകർക്കുള്ള അവാർഡ്**

മതാദ്ധ്യാപകർക്കുള്ള അവാർഡിനായുള്ള അപേക്ഷ നൽകാനുള്ളവർ ഉടൻ തന്നെ നൽകണമെന്ന് അറിയിക്കുന്നു.

**CJ. 26/18 SMCC VII- ാം ക്ലാസ് പ്രതിഭാ സംഗമം**

മക്കളുടെ ആദ്ധ്യാത്മിക സാമൂഹിക ജീവിതത്തിന്റെ കാഴ്ചപ്പാടുകൾ ഏറെ അർത്ഥമുള്ളതാക്കുവാൻ ഈ വർഷവും രൂപതയിൽ നിന്നും 7-ാം ക്ലാസിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും 2018 മെയ്മാസത്തിൽ

മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന പ്രതിഭാ സംഗമത്തിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കും. 'YES' ക്യാമ്പിൽനിന്ന് തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് പ്രതിഭാ സംഗമത്തിന് അയയ്ക്കുന്നത്.

## CJ. 27/18 'YES' Life Time Program 3rd Camp

ഏപ്രിൽ 16, 17, 18 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. 16 ന് 9.30 am ന് രജിസ്ട്രേഷൻ തുടങ്ങുന്നതാണ്. 10 am ന് ക്യാമ്പ് ആരംഭിക്കുന്നതും ഏപ്രിൽ 18 ന് 3.30 pm ന് ക്യാമ്പ് അവസാനിക്കുന്നതുമാണ്. ഏപ്രിൽ 18 ന് Parents Meeting ന്റെ രജിസ്ട്രേഷൻ രാവിലെ 9.30 ന്. 10 am ന് ക്ലാസുകൾ ആരംഭിക്കുന്നു. കഴിഞ്ഞ പ്രാവശ്യം ക്യാമ്പിന് സംബന്ധിച്ച എല്ലാ കുട്ടികൾക്കും സ്വാഗതം.

## CJ. 28/18 'YES' പ്രഥമ ക്യാമ്പുകൾ

**രണ്ടു കേന്ദ്രങ്ങളിലായി 'YES' ന്റെ പ്രഥമ ക്യാമ്പുകൾ നടക്കുന്നു**

1. 2017-18 പ്രവർത്തന വർഷത്തിൽ 'YES' ക്യാമ്പിലേക്ക് സെലക്ഷൻ കിട്ടിയ രാജാക്കാട്, വെള്ളത്തൂവൽ, പാറത്തോട്, നെടുങ്കണ്ടം, കൂമ്പൻപാറ ഫൊറോനകളിലെ കുട്ടികൾക്കായി രാജാക്കാട് ക്രിസ്തുജ്യോതി സ്കൂളിൽ ഏപ്രിൽ 19-22 തീയതികളിൽ ക്യാമ്പ് നടക്കുന്നു. 19 ന് രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതും 10 am ന് ക്യാമ്പ് ആരംഭിക്കുന്നതും ആണ്. ഏപ്രിൽ 22ന് രാവിലെ 9.30 ന് രജിസ്ട്രേഷനോടെ Parents Meeting ആരംഭിക്കുന്നതാണ്. ഏപ്രിൽ 22 ന് 3.30 pm ന് ക്യാമ്പ് അവസാനിക്കുന്നതാണ്.

2. ഏപ്രിൽ 23-26 തീയതികളിൽ ചുരുളി സാൻതോം പബ്ലിക്ക് സ്കൂളിൽ 'YES'ന്റെ രണ്ടാം ബാച്ച് ക്യാമ്പ് നടക്കുന്നു. ചുരുളി, വാഴത്തോപ്പ്, വെള്ളയാംകുടി, തങ്കമണി, ഇരട്ടയാർ ഫൊറോനകളിലെ കുട്ടികളാണ് ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടത്. ഏപ്രിൽ 23 ന് രാവിലെ 9.30 ന് രജിസ്ട്രേഷൻ; 10 am ന് ക്യാമ്പ് ആരംഭിക്കുന്നു.



ഏപ്രിൽ 26 ന് രാവിലെ 9.30 ന് രജിസ്ട്രേഷനോടെ Parents Meeting ആരംഭിക്കുന്നു. 26 ന് 3.30 pm ന് ക്യാമ്പ് സമാപിക്കും.

N.B. നേരത്തെ രണ്ടാമത്തെ ക്യാമ്പ് കരിമ്പൻ സെന്റ് തോമസ് പബ്ലിക്ക് സ്കൂളിൽ എന്ന് അറിയിച്ചിരുന്നു. എന്നാൽ ചില അസൗകര്യങ്ങൾമൂലം ക്യാമ്പ് ചുരുളി സാൻതോം പബ്ലിക്ക് സ്കൂളിലേക്ക് മാറ്റിയിട്ടുണ്ട്.

# സോഷ്യൽ സർവ്വീസ്

## SS 30/18 ഇ-ശക്തി പ്രോഗ്രാം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നബാർഡിന്റെ സഹായത്തോടെസൊസൈറ്റിയുടെ കീഴിലുള്ള 450 സ്വാശ്രയ സംഘങ്ങളുടെ സ്ഥിതിവിവര കണക്കുകൾവ്യക്തമായി കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി. സൊസൈറ്റിയുടെ കീഴിൽ 15 ആനിമേറ്റേഴ്സിന് മൊബൈൽ ആപ്ലിക്കേഷനിൽ പരിശീലനം നൽകുകയും ഇതുവഴി 56 സംഘങ്ങളുടെ ഫെബ്രുവരി മാസം വരെയുള്ള കണക്കുകൾ അപ്ഡേറ്റ് ചെയ്യുവാനും സാധിച്ചു.

## SS 31/18 ജെ.എൽ.ജി. ലോൺ

സൊസൈറ്റിയിൽനിന്നും ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി യൂണിയൻ ബാങ്കിന്റെ രാജാക്കാട്, ചെറുതോണി, ഉടുമ്പഞ്ചോല, തങ്കമണി എന്നീ ശാഖകളിൽ നിന്നായി66 ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് 8800000 രൂപലോൺ പുതുക്കി നൽകി.

## SS 32/18 ഹരിതഗ്രാമം പദ്ധതി - സൗത്ത് ഇൻഡ്യ വിലയിരുത്തൽ യോഗം

നബാർഡിന്റെ സഹായത്തോടെ നടത്തുന്ന ഹരിതഗ്രാമം പ്രോജക്ടിന്റെ സൗത്ത് ഇൻഡ്യയിലുള്ള പദ്ധതികളുടെ വിലയിരുത്തൽ കോഴിക്കോട് വച്ച് നടന്നു. നബാർഡിന്റെ മുംബൈ സെൻട്രൽ ഓഫീസ് ടീം ഓരോ പദ്ധതികളുടെ വിലയിരുത്തൽ നടത്തുകയും

പദ്ധതിയുടെ തുടർ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. സൊസൈറ്റി പ്രോജക്ട് കോഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽകഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ഹരിതാഭം പദ്ധതിയുടെ പ്രവർത്തനങ്ങൾ യോഗത്തിൽ അവതരിപ്പിച്ചു. ശ്രീ. എബിൻ കുറുന്താനത്തും പ്രസ്തുത യോഗത്തിൽ സംബന്ധിച്ചു.

**SS 33/18 ഹരിത സമൃദ്ധി പദ്ധതി**

മറയൂർ കൂടയ്ക്കാട്ടുകുടിയിൽ നബാർഡിന്റെ സഹായത്തോടെ നടത്തുന്ന ട്രൈബൽ ഡെവലെപ്മെന്റ് പദ്ധതിയുടെ ഭാഗമായി കാർഷിക ആവശ്യത്തിനായി 21 വാട്ടർ ടാങ്കുകൾ നിർമ്മാണം പൂർത്തിയാക്കി. പദ്ധതിയിൽ 25 ഏക്കർ ഭൂമി ജലസേചനം നടത്താൻ കഴിഞ്ഞു. ജൈവ വള നിർമ്മാണ ടാങ്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്ത്രീ ശാക്തീകരണത്തിനായി കുടികളിൽ സ്ത്രീകൾക്ക് വിവിധ തരം പരിശീലന പരിപാടികളും സംഘങ്ങളുടെ രൂപീകരണവും നടന്നുവരുന്നു. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. സിബി മാളിയേക്കൽ, ഫീൽഡ് കോർഡിനേറ്റർ ശ്രീമതി മായാദേവി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കുന്നു.

**SS 34/18 ഹരിതാഭം പദ്ധതി**

നബാർഡിന്റെയും ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെയും സഹായത്തോടുകൂടി സൊസൈറ്റി നടപ്പാക്കുന്ന ഹരിതാഭം പദ്ധതിയുടെ ഭാഗമായി കാർഷിക അഭിവൃത്തിയ്ക്കും, വരുമാന വർദ്ധനവിനും, പ്രകൃതി വിഭവ സംരക്ഷണത്തിനുമായി രാജാക്കാട് യൂണിറ്റിൽ 60 കുടുംബങ്ങൾക്ക് 2660000 രൂപയും, ആൽപ്പാറ യൂണിറ്റിൽ 6 കുടുംബങ്ങൾക്ക് 210000 രൂപയും വായ്പ നൽകി.

**SS 35/18 ഹരിതനിറവ് പദ്ധതി**

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിത നിറവ് പദ്ധതിയിൽ കാർഷിക അഭിവൃദ്ധി വരുത്തുന്നതിനായി 2018 മാർച്ച് മാസത്തിൽ കനകക്കുന്ന് യൂണിറ്റിൽ 5 കുടുംബങ്ങൾക്കായി



300000 രൂപയും, മുരിക്കാശ്ശേരി യൂണിറ്റിൽ 2 കുടുംബങ്ങൾക്കായി 175000 രൂപയും വിതരണം ചെയ്തു.

**SS 36/18 പിന്നോക്ക വികസന കോർപ്പറേഷൻ ലോൺ**

കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ നല്കുന്ന മൈക്രോക്രെഡിറ്റ് വായ്പയ്ക്കായി തിരഞ്ഞെടുത്ത 50 സ്വയം സഹായ സംഘങ്ങളുടെ ഭാരവാഹികളുടെ ആദ്യമീറ്റിംഗ് 06-03-2018 ചൊവ്വാഴ്ച മരിയാപുരം സെൻട്രൽ ഓഫീസിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ വായ്പാ തുകയുടെ വിനിയോഗത്തെക്കുറിച്ചും തിരിച്ചടവിനെക്കുറിച്ചുമുള്ള നിർദ്ദേശങ്ങൾ നൽകി. 50 സംഘങ്ങളിൽ നിന്നായി 100 പേർ മീറ്റിംഗിൽ പങ്കെടുത്തു. പ്രോഗ്രാം ഓഫീസർ സിബി മാളിയേക്കൽ, കോർഡിനേറ്റർ സി. ആൽബി എസ്.എ.ബി.എസ്. എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**SS 37/18 വോളണ്ടിയേഴ്സ് മീറ്റ്**

2018 ഫെബ്രുവരി 28 ന് കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് ഗുഡ് സമരിറ്റൻ പെയിൻ ആന്റ് പാലിയേറ്റീവ് വോളണ്ടിയേഴ്സ് മീറ്റ് നടത്തി. ശ്രീ. ബാബു വെട്ടിക്കാല അദ്ധ്യക്ഷത വഹിച്ച യോഗത്തിന് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ സ്വാഗതം ആശംസിച്ചു. ശ്രീ. എബിസൺ നേത്രദാനത്തെക്കുറിച്ച് സംസാരിച്ചു. നേത്രദാനം ചെയ്ത 4 പേരുടെ കുടുംബാംഗങ്ങൾക്ക് മെമന്റോ നൽകി ആദരിച്ചു. പാലിയേറ്റീവ് കെയർ നടത്തുന്ന വിവിധ യൂണിറ്റുകളിൽ സന്ദർശനം നടത്തുന്നതിന് പ്രസ്തുത മീറ്റിംഗിൽ തീരുമാനിച്ചു. ഡോ. സി. സുഗുണ മീറ്റിംഗിൽ ആശംസകൾ അർപ്പിച്ചു.സി. ആൽബി, ബ്ര. അജിത്ത് മടിക്കാങ്കൽ എന്നിവർ മീറ്റിംഗിന് നേതൃത്വം നൽകി.

**SS 38/18 യൂണിറ്റ് സന്ദർശനം**

ഇടുക്കി രൂപതയിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തുന്ന ഇടവകകളായ പണിക്കൻകുടി, പാറത്തോട്, മുക്കുടം, മുട്ടുകാട്, ജോസ്ഗിരി, ചെമ്മണ്ണാർ, നെടുംകണ്ടം, മങ്കുവ,

ചിന്നാർനിരപ്പ്, ഇരട്ടയാർ, വെള്ളയാംകുടി, തൊവരയാർ, തങ്കമണി, കാമാക്ഷി, ശാന്തിഗ്രാം, എഴുകുംവയൽ, പാലാർ, പച്ചടി, നീലിവയൽ, മച്ചിപ്ലാവ്, അടിമാലി, ആൽപ്പാറ, കഞ്ഞിക്കുഴി, ചുരുളി, മുളകുവള്ളി, കിളിയാർകണ്ടം, ചെമ്പകപ്പാറ എന്നിവിടങ്ങളിൽഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, ഡോ. സി. സുഗുണ, ശ്രീ. ബാബു വെട്ടിക്കാല, ശ്രീ. എബിസൺ എന്നിവർ അടങ്ങുന്ന ടീംമാർച്ച് 4-ാം തീയതി മുതൽ യൂണിറ്റ് സന്ദർശനം നടത്തി.

### SS 39/18 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ഫെബ്രുവരി മാസത്തിൽ 2 പേർക്ക് ചികിത്സയ്ക്കായി 5500 രൂപയും, ഭവന നിർമ്മാണത്തിനായി 10000 രൂപയും, കാരിത്താസ് ഇൻഡ്യയ്ക്ക് 2017 ലെ നോമ്പുകാല വിഹിതമായി 25000 രൂപയും നൽകി.

### SS 40/18 എഫ്.പി.ഒ. പരിശീലന പരിപാടി

2018 മാർച്ച് 5, 6 തീയതികളിൽ എഫ്.പി.ഒ. യുടെ പരിശീലന പരിപാടി എറണാകുളം പ്രസിഡൻസി ഹോട്ടലിൽ വച്ച് നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകളും പുതിയ പദ്ധതികളെക്കുറിച്ചുള്ള ചർച്ചകളും നടന്നു. ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയിൽനിന്നും സി.ഇ.ഒ. നിധിൻ തോമസും, ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിൽ നിന്നും ചെയർമാൻ ശ്രീ. സാബു മാത്യുവും പങ്കെടുത്തു.

### SS 41/18 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെ മാർച്ച് മാസത്തിൽ ബെറ്റി ആന്റണി കളത്തികുന്നേൽ എഴുകുംവയൽ, ഗോപി തോറനാത്തിക്കൽ മണിയാറൻകുടി, ജോയി പുളിമ്പറമ്പിൽ വെള്ളത്തൂവൽ,സി. പ്രസന്ന നിർമ്മൽ റാണി പ്രൊവിൻഷ്യൽ ഹൗസ് മുരിക്കാശ്ശേരി, ചന്ദ്രൻ പദ്മനാഭൻ കടയ്ക്കൽ ചേലച്ചുവട്, പൗലോസ് ആന്റണി കുന്നത്തറ ചേമ്പളം, മേരി തോമസ് പൊട്ടനാനിക്കൽ തോപ്രാംകുടി എന്നിവർതങ്ങളുടെ കണ്ണുകൾ



ദാനം ചെയ്തു.അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

### SS 42/18 മുട്ടക്കോഴിക്കുഞ്ഞ് വിതരണം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള 1100 കോഴിക്കുഞ്ഞുങ്ങളെ ഫെബ്രുവരി മാസത്തിൽലോവർ കുളമാവ്, കാഞ്ചിയാർ, ഈട്ടിത്തോപ്പ്, ഇരട്ടയാർ, എഴുകുംവയൽ എന്നീ യൂണിറ്റുകളിലായി വിതരണം ചെയ്തു.

### SS 43/18 കാർഷിക വിളകളുടെ സംഭരണവും വിപണനവും

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി കർഷകരിൽ നിന്നും തന്നാണ്ടുവിളകളായ ചേന, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില നൽകി സംഭരിച്ച് വിപണനം നടത്തി. 1000 കിലോ ഇഞ്ചി, 1000 കിലോ മഞ്ഞൾ, 5000 കിലോ ചേന ഇവയാണ് ഇപ്രകാരം വിപണനം നടത്തിയത്.

### SS 44/18 സാധുജനഭവന നിർമ്മാണ പദ്ധതി

''ഈശോയ്ക്ക് ഒരു വീട്'' എന്ന പേരിൽ മിഷൻ ലീഗും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും സംയുക്തമായി സമാഹരിച്ച തുക ഉപയോഗിച്ച് രാജകുമാരി, പൊട്ടൻകാട്, ഈട്ടിത്തോപ്പ്, ചുരുളി എന്നീ ഇടവകകളിലെ7 ദളിത് കത്തോലിക്കരുടെ ഭവനനിർമ്മാണം പൂർത്തിയാക്കി വെഞ്ചരിപ്പു കർമ്മം നടത്തി. പുതിയ 6 വീടുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇടവക വികാരിമാരുടെ നേതൃത്വത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്.

### SS 45/18 തേനീച്ച വളർത്തൽ പദ്ധതി

തേനീച്ച കൃഷി നടത്തുന്നതിനായി 25 ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് മാർച്ച് 22 ന് അവർക്ക് പരിശീലനം നൽകി. പ്രാരംഭമായി 100 പെട്ടികൾ വയ്ക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു. ഇതിനാവശ്യമായ തുക ഹരിതാഭം പദ്ധതി വഴി വായ്പയായി നല്കുന്നു.

## SS 46/18 ട്രൈബൽ എൽ.പി. സ്കൂൾ വാർഷികം

മറയൂർ കൂടയ്ക്കാട്ടുകുടിയിൽ പ്രവർത്തിക്കുന്ന ഗിരി ജ്യോതി എൽ.പി. സ്കൂൾ വാർഷികം മാർച്ച് 20 ന് നടന്നു. ജനപ്രതി നിധികൾ, വനം, ആദിവാസി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ അതിഥികളായിരുന്നു. 400 ഓളം പേർ പങ്കെടുത്തു.

## SS 47/18 ക്രെഡിറ്റ് യൂണിയൻ

**യൂണിറ്റ് വാർഷികം**

നസറത്തുവാലി യൂണിറ്റിൽ 06-03-2018 ൽവാർഷികം ആഘോഷിച്ചു. രക്ഷാധികാരി ഫാ. ഫിലിപ്പ് താഴത്തുവീട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗം എച്ച്.ഡി.എസ്. ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. 48 പേർ യോഗത്തിൽ പങ്കെടുത്തു.

**പുതിയ യൂണിറ്റ്**

രാജകുമാരി, പൊന്നാമല എന്നീ ഇടവകകളിൽ ക്രെഡിറ്റ് യൂണിയൻ പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രവർത്ത നങ്ങൾ ആരംഭിക്കുന്നതിന്റെഭാഗമായി ക്ലാസ്സുകൾ നടത്തി.

# തിരുബാലസഖ്യം

## HC 4/18 ആദ്യകുർബാന സ്വീകരണം

ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾ നേരത്തെതന്നെ നമസ്കാരം പഠിച്ച് പ്രാർത്ഥിച്ച് ഒരുങ്ങാൻ ശ്രദ്ധിക്കുമല്ലോ.

## HC 5/18 ഹോളി മീറ്റ്

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം 'ഹോളി മീറ്റ്' മെയ്മാസം 15-ാം തീയതി ചൊവ്വാഴ്ച



വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ നടത്തപ്പെടുകയാണ്. എല്ലാ ഇടവകകളിൽ നിന്നും പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. മെയ്മാസം 7-ാം തീയതിക്കുമുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം രൂപതാ തിരുബാല സഖ്യ ഓഫീസിൽ അറിയിക്കുക.

## HC 6/18 വാർഷിക റിപ്പോർട്ട്

തിരുബാല സഖ്യം വാർഷിക റിപ്പോർട്ട് ഏപ്രിൽമാസം 30-ാം തീയതിക്കു മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

## HC 7/18 കൈയ്യെഴുത്ത് മാസിക മത്സരം

തിരുബാല സഖ്യം രൂപതാതലത്തിൽ നടത്തിയ കൈയ്യെ ഴുത്തു മാസിക മത്സരം വിജയികളായവർക്കും പങ്കെടുത്ത വർക്കും ആശംസകൾ. അവർക്കുള്ള സമ്മാനം ഹോളി മീറ്റിനു വരുമ്പോൾ നൽകുന്നതുമാണ്.

I$^{st}$ - വഞ്ചിക്കവല
II$^{nd}$ - തങ്കമണി, പണിക്കൻകുടി
III$^{rd}$ - മഞ്ഞപ്പാറ, വാഴത്തോപ്പ്

# കെ.സി.എസ്.എൽ.

## KCSL 11/18 മികച്ച സ്കൂളുകൾ 2017-18

**H.S.S.**

I$^{st}$ St. Mary's H.S.S. Murickassery
II$^{nd}$ St. Thomas H.S.S. Thankamany
III$^{rd}$ St. Jeromes H.S.S. Vellayamkudy

**H.S.**

I$^{st}$ St. Thomas H.S. Erattayar
II$^{nd}$ Vimala H.S. Vimalagiri
III$^{rd}$ St. Sebastians H.S. Pottankad

**U.P.**

Ist St. George U.P.S. Venmony
IInd St. Jeromes U.P.S. Vellayamkudy
IIIrd a) St. Sebastians U.P.S. Nedumkandam
b) St. Joseph's U.P.S. Josegiri

**L.P.**

Ist St. Joseph's Public School Pachady
IInd St. Maria Gorethi LPS Thopramkudy
IIIrd a) St. Newman LPS Idukki
b) St. Peters LPS Chembakappara.

**KCSL 12/18 അഭിനന്ദനങ്ങൾ, യാത്രാമംഗളങ്ങൾ**

2017-18 ലെ ഏറ്റവും നല്ല ആനിമേറ്റർക്കുള്ള അവാർഡ് നേടിയ സിസ്റ്റർ റീനറ്റിന് അഭിനന്ദനങ്ങൾ. കെ.സി.എസ്.എൽ. കുഞ്ഞുങ്ങളുടെ രൂപീകരണത്തിനായി അക്ഷീണം യത്നിച്ച, സഖ്യത്തിന് എന്നും കരുത്തേകിയ പ്രിയപ്പെട്ട റീനറ്റ് സിസ്റ്ററിനും, മേഴ്സി ടോം സിസ്റ്ററിനും സ്നേഹപൂർവ്വം കെ.സി.എസ്.എൽ. കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.



Sr. Reenat FCC



Sr. Mercy Tom SH

**KCSL 14/18 നേതൃത്വ പരിശീലന ക്യാമ്പും തിരഞ്ഞെടുപ്പും**

ഈ വർഷത്തെ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പും, അടുത്ത വർഷത്തേയ്ക്കുള്ള വിദ്യാർത്ഥി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും വരാപ്പുഴ, മഞ്ഞുംമൽ ഒ.സി.ഡി. ധ്യാനകേന്ദ്രത്തിൽ ഏപ്രിൽ 23 മുതൽ 26 വരെ നടത്തപ്പെടുന്നു. നേതൃനിരയിലേയ്ക്ക്



വരാൻ താല്പര്യമുള്ള LP, UP, HSS, വിദ്യാർത്ഥികളെ ക്യാമ്പിൽ പങ്കെടുപ്പിക്കാവുന്നതാണ്. താല്പര്യമുള്ള കുട്ടികളുടെ പേരുവിവരം ഏപ്രിൽ 5 ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കുമല്ലോ.

**KCSL 15/18 നന്ദി**

കഴിഞ്ഞ അധ്യയനവർഷം കെ.സി.എസ്.എൽ. സംഘടനാ പ്രവർത്തനങ്ങൾക്ക് സജീവ പിന്തുണ നൽകി ഞങ്ങളെ പ്രോത്സാഹിപ്പിച്ച എല്ലാ മേലധികാരികൾക്കും, അധ്യാപകർക്കും ആനിമേറ്റേഴ്സിനും കെ.സി.എസ്.എൽ. രൂപതാ കുടുംബത്തിന്റെ അകൈതവമായ നന്ദി....

## ജീസസ് യൂത്ത് ഇടുക്കി സോൺ

**JY 4/17 ഹൗസ് ഹോൾഡ്**

ഏപ്രിൽ മാസത്തിലെ ഹൗസ് ഹോൾഡ് എട്ടാം തീയതി ഉച്ചകഴിഞ്ഞ് മുരിക്കാശ്ശേരി പാവനാത്മ കോളേജ് ചാപ്പലിലും അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിലും നടത്തുന്നു.

**JY 5/17 സബ്സോൺ കൂട്ടായ്മകൾ**

ഏപ്രിൽമാസം മുതൽ സോണിലെ 5 സബ്സോണുകളിൽ മാസത്തിലെ മൂന്നാം ഞായറാഴ്ച്ച സബ്സോൺ കൂട്ടായ്മകൾ നടത്തുന്നു. ഏപ്രിൽ മാസത്തിലെ കൂട്ടായ്മ 15 -ാം തീയതി അതാതു സബ്സോണുകളിൽ നടത്തുന്നു.

## ചെറുപുഷ്പ മിഷൻലീഗ്

**CML 8/18 വിന്നർ 2018**

ചെറുപുഷ്പ മിഷൻ ലീഗ് ഇടുക്കി രൂപതാ സമിതി നടത്തുന്ന വിന്നർ 2018 ഗെയിമിൽ 2600 ഓളം കുട്ടികൾ രജിസ്ട്രേഷൻ

നടത്തിയിട്ടുണ്ട്. ഗെയിമിൽ കുട്ടികളെ ചേർത്ത ബഹു. ഡയറക്ടറച്ചൻമാർക്കും സിസ്റ്റേഴ്സിനും ആനിമേറ്റേഴ്സിനും നന്ദി അറിയിക്കുന്നു. കുട്ടികൾ ഗെയിം വിജയകരമായ രീതിയിൽ പൂർത്തിയാക്കുന്നുണ്ടോ എന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### CML 9/18 എമ്മാവൂസ് 2018

സി.എം.എൽ. ഇടുക്കി രൂപതാ സമിതിയും രൂപതയിൽ പ്രവർത്തിക്കുന്ന വിവിധ ഭക്തസംഘടനകളുംകൂടി നടത്തുന്ന ദിവ്യകാരുണ്യ കോൺഫറൻസ് ഏപ്രിൽ 10 മുതൽ 13 വരെ രാജമുടി ക്രിസ്തുരാജാ പാരീഷ്ഹാളിൽ നടത്തപ്പെടുന്നു. കോൺഫറൻസിനുള്ള കുട്ടികളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുവാൻ സഹകരിച്ച എല്ലാവർക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദിയറിയിക്കുന്നു.

### CML10/18 തിരഞ്ഞെടുപ്പും റീജിയണൽ സംഗമവും

2018-21 പ്രവർത്തന വർഷത്തേക്കുള്ള രൂപതാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി രൂപതാ മാനേജിംഗ് കമ്മറ്റി 2018 ഏപ്രിൽ 14 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെൻട്രറിൽ നടത്തപ്പെടുന്നു. എല്ലാ മേഖല, രൂപതാ ഉപരിഘടക ഭാരവാഹികളും മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കേണ്ടതാണ്. തുടർന്ന് 15-ാം തീയതി രാവിലെ 9 മണിമുതൽ ഹൈറേഞ്ച് റീജിയൻ ഉദ്ഘാടനവും സംഗമവും നടത്തപ്പെടുന്നു. എല്ലാ രൂപതാ മേഖലാ ഉപരിഘടക ഭാരവാഹികളും 14, 15 തീയതികളിൽ നടക്കുന്ന പ്രോഗ്രാമുകളിൽ പങ്കെടുക്കുമല്ലോ.

### CML 11/18 മേഖലാ കൗൺസിലും മാനേജിംഗ് കമ്മിറ്റിയും

സി.എം.എൽ. ഇടുക്കി രൂപതയുടെ പതിന്നൊനു മേഖലകളിലും ഏപ്രിൽ 8 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മേഖലാ കൗൺസിലും മാനേജിംഗ് കമ്മിറ്റിയും നടത്തപ്പെടുന്നു. അന്നേദിവസം ശാഖകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ശാഖാ ഭാരവാഹികൾ ആയിരിക്കണം മേഖലാ കൗൺസിലിൽ പങ്കെടുക്കേണ്ടത്. കഴിഞ്ഞ പ്രവർത്തന വർഷം ശാഖയിൽ സജീവമായി പ്രവർത്തിച്ചിരുന്ന രണ്ടു



പേരെകൂടി മേഖലാ കൗൺസിലിൽ ഓരോ ശാഖയിൽനിന്നും പങ്കെടുപ്പിക്കേണ്ടതാണ്.

### CML 12/18 വാർഷിക റിപ്പോർട്ട്

2017-18 പ്രവർത്തന വർഷത്തെ ശാഖാ റിപ്പോർട്ട് പൂരിപ്പിച്ച് ഏപ്രിൽ 8-ാം തീയതിതന്നെ മേഖലാ കൗൺസിലിന് വരുമ്പോൾ രൂപതാ പ്രതിനിധിയെ ഏല്പിക്കേണ്ടതാണ്. റിപ്പോർട്ട് ഫോം ഇനിയും ലഭിക്കാത്ത ശാഖകൾ അവ രൂപതാ ഓഫീസിൽനിന്ന് കൈപ്പറ്റേണ്ടതാണ്. ഏപ്രിൽ 8-ാം തീയതിക്കുശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

### CML13/18 SMART - ക്യാമ്പ്

രൂപതയിലെ ശാഖകളിൽ പ്ലസ് ടു കഴിഞ്ഞ് പി.ജി. ലെവൽ വരെ പഠിക്കുന്ന റിസോഴ്സ് പേഴ്സൺസ് ആയി പ്രവർത്തിക്കാൻ താല്പര്യമുള്ളവർക്കായി ഏപ്രിൽ 27, 28, 29 തീയതികളിലായി ചുരുളി സാന്തോം പബ്ലിക് സ്കൂളിൽ 'SMART' എന്ന പേരിൽ ക്യാമ്പ് നടത്തുന്നു. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് അവസരം ലഭിക്കുക. ശാഖകളിൽ നിന്ന് താല്പര്യമുള്ളവരുടെ പേര് രജിസ്റ്റർ ചെയ്യുമല്ലോ. രജി. ഫീസ് 400 രൂപയായിരിക്കും.

### CML 14/18 ശാഖാ ഇലക്ഷൻ

2018-19 പ്രവർത്തന വർഷത്തേയ്ക്കുള്ള ശാഖാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഏപ്രിൽ 2, 3 തീയതികളിലായി സുവിശേഷോത്സവത്തോടുനുബന്ധിച്ച് ശാഖകളിൽ നടത്തുമല്ലോ.

### CML 15/18 അവധിക്കാല ധ്യാനങ്ങളും ക്യാമ്പുകളും

ഈ അവധിക്കാലത്ത് ഇടവകാതലത്തിൽ കുട്ടികൾക്കായി ധ്യാനങ്ങളും ക്യാമ്പുകളും സംഘടിപ്പിക്കുന്നത് നല്ലതാണ്. അതിനു സഹായകമായ ചിലരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**ധ്യാനങ്ങൾ**

ജോസുകുട്ടി ബഥേൽ : 9744763501

ഉണ്ണി മാവടി : 9497885830
രൂപതാ വൈദിക വിദ്യാർത്ഥികൾ : 8281802086

**ക്യാമ്പുകൾ/സെമിനാറുകൾ**

മാത്യൂസ് ഐക്കര : 9496821363
ബാബു പൊന്നോത്ത് : 9446136777
ജോസ് പുതിയാപറമ്പിൽ : 7025263808



# പ്രാർത്ഥനാ ഗ്രൂപ്പ്

**PG 4/18 മെത്രാഭിഷേകത്തിന് ഒരുക്കമായിട്ടുള്ള പ്രാർത്ഥന**

ഫെബ്രുവരി 1 മുതൽ ഏപ്രിൽ 4 വരെ എല്ലാ ദിവസവും ദിവ്യകാരുണ്യ ആരാധനയും ദിവസവും 500 ജപമാലയും മെത്രാഭിഷേകത്തിന് ഒരുക്കമായി നടന്നുവരുന്നു.

**PG 5/18 നൈറ്റ് വിജിൽ**

മാർച്ച് 23-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4.30 മുതൽ രാത്രി 12 മണിവരെ വിശുദ്ധ കുർബാന, ജപമാല, ദിവ്യകാരുണ്യ ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന ഇവ മെത്രാഭിഷേകത്തിന് ഒരുക്കമായി വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ നടത്തി. കൂടാതെ വിവിധ സ്ഥലങ്ങളിൽ സോണുകളുടെയും സബ്സോണുകളുടെയും നേതൃത്വത്തിൽ അഖണ്ഡജപമാലയും ആരാധനയും നടക്കുന്നു.

**PG 6/18 ഉപവാസപ്രാർത്ഥന**

മാർച്ച് 16-ാം തീയതി വെള്ളിയാഴ്ച 10 മണി മുതൽ 3 മണി വരെ കരിസ്മാറ്റിക് സോണൽ ടീമിന്റെ നേതൃത്വത്തിൽ എറണാകുളം അങ്കമാലി രൂപതയ്ക്ക് വേണ്ടിയുള്ള ഉപവാസപ്രാർത്ഥന കനകക്കുന്ന് ഇടവക ദൈവാലയത്തിൽ നടന്നു.



**PG 7/18 നീർച്ചാൽ 2018 - മാർച്ച് 24 ശനി**

ഇടുക്കി, കട്ടപ്പന സോണുകളിലെ കരിസ്മാറ്റിക് ലീഡേഴ്സിന്റെയും മിനിസ്ട്രി സർവ്വീസ് ടീമുകളുടെയും സബ് റീജിയണൽ സംഗമം നീർച്ചാൽ 2018 പ്രോഗ്രാം കനകക്കുന്ന് സെന്റ് ജൂഡ് ദൈവാലയത്തിൽ നടത്തപ്പെട്ടു. 200 ലീഡേഴ്സ് ഇതിൽ പങ്കെടുത്തു.

**PG 8/18 പന്തക്കുസ്താ അനുഭവ് 2018**

ഇടുക്കി രൂപതയിലെ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ഒത്തുചേരൽ മെയ് 1-ാം തീയതി ആയിരമേക്കർ സെന്റ് തോമസ് പാരീഷ്ഹാളിൽ നടക്കും. 9.30 am ന് വിശുദ്ധ ബലിയോടുകൂടി ആരംഭിക്കുന്ന പന്തക്കുസ്താ അനുഭവ് 2018 അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം ചെയ്യും. ഉച്ചകഴിഞ്ഞ് 4 മണിക്ക് ദിവ്യകാരുണ്യ ആരാധനയോടുകൂടി പരിപാടി സമാപിക്കും.

**PG 9/18 ദമ്പതി മീറ്റ്**

ഇടുക്കി രൂപതാ കരിസ്മാറ്റിക് സോണൽതല ദമ്പതി മീറ്റ് മാർച്ച് 20-ാം തീയതി കനകക്കുന്ന് സെന്റ് ജൂഡ് ദൈവാലയത്തിൽ നടന്നു. KCCRST സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ ക്ലാസ്സ് നയിച്ചു. 50 കുടുംബങ്ങൾ ഇതിൽ പങ്കെടുത്തു. ഡയറക്ടർ റവ. ഫാ. ജോസഫ് കോയിക്കലും സോണൽ ടീമംഗങ്ങളും നേതൃത്വം നൽകി.

**PG 10/18 വചനസന്ധ്യ**

സബ് സോണുകളുടെ നേതൃത്വത്തിൽ ഇടവകകളിൽ വചന പ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നടന്നു വരുന്നു.



## ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 5/18** **വിവാഹ ഒരുക്ക ധ്യാനം**

| | | |
|---|---|---|
| ഏപ്രിൽ | 09 തിങ്കൾ | - 11 ബുധൻ |
| ഏപ്രിൽ | 27 വെള്ളി | - 29 ഞായർ |
| മെയ് | 14 തിങ്കൾ | - 16 ബുധൻ |
| മെയ് | 25 വെള്ളി | - 27 ഞായർ |

സ്ഥലം : ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി
ഫോൺ:- 9496895111, 8281437554.

ധ്യാനത്തിന്റെ രജിസ്ട്രേഷൻ രാവിലെ 9 മണിക്കും, ക്ലാസുകൾ 10 മണിക്കും ആരംഭിക്കും. എല്ലാവരും സമയം കൃത്യമായി പാലിക്കണം.

## മാതൃവേദി

**MV 20/18** **ന്യൂസ്പേപ്പർ കളക്ഷൻ**

സുകൃതം ഡയാലിസിസ് കെയർ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഫണ്ടു കണ്ടെത്തുവാൻ എല്ലാവർഷവും ഇടവകകൾതോറും ന്യൂസ്പേപ്പർ കളക്ഷൻ നടത്തുവാൻ ആഗ്രഹിക്കുന്നു. ഇടവകയിലെ അമ്മമാരുടെ നേതൃത്വത്തിൽ ഓരോ ഭവനത്തിലെയും പത്രങ്ങൾ ശേഖരിക്കുകയും അവ ഏപ്രിൽ 28 ന് മുമ്പായി ഓരോ ഇടവകയിലും എത്തിച്ച് സൂക്ഷിക്കുകയും ചെയ്യുമല്ലോ. ഇവ ഏപ്രിൽ 28, 29, 30 എന്നീ തീയതികളിൽ രൂപതയിലെ മാതൃവേദി ഓഫീസിൽ നിന്നു നേരിട്ട് വന്ന് ശേഖരിക്കുന്നതാണ്.

**MV 21/18** **വചനോത്സവം**

ബൈബിൾ കയ്യെഴുത്ത് മത്സരത്തിൽ പങ്കെടുത്ത അമ്മമാരെ



ആദരിക്കാനും, വിജയികളെ പ്രഖ്യാപിക്കുവാനുമായി ''വചനോത്സവം'' 2018 മാർച്ച് 10 ന് വെള്ളയാംകുടി സെന്റ് ജോർജ്ജ് പാരീഷ് ഹാളിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് പങ്കെടുത്ത ഈ സമ്മേളനത്തിൽ നിരവധി വൈദികരും സിസ്റ്റേഴ്സും രണ്ടായിരത്തോളം അമ്മമാരും പങ്കെടുത്തു. ബൈബിൾ പകർത്തിയെഴുതി അനുഗ്രഹം ലഭിച്ചവർ അനുഭവസാക്ഷ്യങ്ങൾ പങ്കുവച്ചു. വചനോത്സവത്തിലേയ്ക്ക് അമ്മമാരെ പറഞ്ഞുവിട്ട എല്ലാ വികാരിയച്ചൻമാർക്കും പ്രത്യേകം നന്ദി.

**MV 22/18** **നന്ദി**

വചനോത്സവത്തിന്റെ വിജയത്തിനായി പ്രയത്നിച്ച പ്രോഗ്രാം കോഡിനേറ്റർ ബഹു. ജോർജ് കരിവേലിയച്ചനും ഇതിനായി എല്ലാ സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. ജെയിംസ് മംഗലശ്ശേരി അച്ചനും, കൊച്ചച്ചൻമാർക്കും ആനിമേറ്റർ സിസ്റ്ററിനും, വെള്ളയാംകുടി ഇടവകയിലെ എല്ലാ മാതൃവേദി അംഗങ്ങൾക്കും പ്രത്യേകം നന്ദി.

**MV 23/18 ബൈബിൾ കൈയ്യെഴുത്ത് മത്സര വിജയികൾ**

ഏറ്റവും കൂടുതൽ അമ്മമാരെ പങ്കെടുപ്പിച്ച യൂണിറ്റുകൾ : തിങ്കൾക്കാട്, വഞ്ചിക്കവല

**Category A** (40 വയസിനു മുകളിൽ)

I[st] - ജയ ടോമി കൊറ്റത്തിൽ, തൊവരയാർ
II[nd] - റോസമ്മ ചാക്കോ കാവുങ്കൽ, തങ്കമണി
III[rd] - ലിസി ജോയി മാളിയേക്കൽ, ബഥേൽ
4 - പോളി ബെന്നി പറത്തപ്പള്ളിൽ, രാജകുമാരി
5 - മിനി താരാമംഗലത്ത്, കൈലാസം
6 - സാലി രാരിച്ചൻ അമ്പാട്ടുകുന്നുംപുറത്ത്, മരിയാപുരം
7 - ലിസി സജീവ് മുരിപാറ, മച്ചിപ്ലാവ്
8 - ജെയ്സമ്മ തോമസ് കുഴിപ്പള്ളിൽ, നെടുങ്കണ്ടം
9 - ലാലി ജോസഫ് കൊടിയംകുന്നേൽ, പനംകുട്ടി
10 - മോളി ബേബി പയ്യപ്പള്ളിൽ, ആയിരമേക്കർ

**Category B** (40 വയസിനു താഴെ)

I^st^ - ജീനാമോൾ സോജൻ അട്ടക്കുഴിയിൽ, തൊവരയാർ
II^nd^ - ആലീസ് ജോസ് വലിയമറ്റം, പാണ്ടിപ്പാറ
III^rd^ - റൂബി സജ്ജീവ് മണ്ണാറത്ത്, മഞ്ഞപ്പെട്ടി
4 - ബിന്ദു റോണി ഞാറയ്ക്കൽ, ഇടുക്കി
5 - ജൂബി ഷൈജു കാക്കനാട്ട്, രാജകുമാരി
6 - റിൻസി സുബിൻ അഞ്ചുകണ്ടത്തിൽ, മുരിക്കാശ്ശേരി
7 - ജൂലി ബിജു എലന്തൂർ, ബഥേൽ
8 - മിനി ബിജു കുന്നപ്പിള്ളിൽ, ഈട്ടിത്തോപ്പ്
9 - ഷിജി സൈജു കല്ലുവച്ചേൽ, ഉദയഗിരി
10 - റാണി ബിജു കൊല്ലമാട്ടേൽ, വഞ്ചിക്കവല

## MV 24/18 ബൈബിൾ കൈയ്യെഴുത്ത് മത്സരം 2018

### ലേഖനങ്ങൾ

* മത്സരഭാഗം അപ്പസ്തോലപ്രവർത്തനം മുതൽ യൂദാസിന്റെ ലേഖനം വരെ
* മത്സരം ആരംഭിക്കുന്നത് 2018 ഏപ്രിൽ 6 മുതൽ
* കൈയ്യെഴുത്ത്പ്രതികൾ സമർപ്പിക്കേണ്ട അവസാനതീയതി 2018 ഒക്ടോബർ 30 വൈകുന്നേരം 4 മണിക്ക്.
* കൈയ്യെഴുത്ത്പ്രതികൾ ബൈൻഡ് ചെയ്ത് വേണം സമർപ്പിക്കാൻ
* ഓരോ ഇടവകയിൽ നിന്നും അതാത് മേഖലകളിൽ ഒക്ടോബർ 30 4 pm ന് മുമ്പായി എത്തിക്കേണ്ടതാണ്.
* രജിസ്ട്രേഷൻ ഫീസ് 200/- രൂപ
* രജിസ്ട്രേഷന്റെ അവസാനതീയതി 2018 ജൂൺ 16.
* രജിസ്ട്രേഷൻ നമ്പറുകൾ 2018 ജൂലൈ 3 ന് മുമ്പായി നൽകപ്പെടുന്ന ഇ-മെയിൽ അഡ്രസ്സിൽ അയച്ചു തരുന്നതാണ്.
* രജിസ്റ്റർ നമ്പരുകൾ തിരിച്ചറിയാൻ തക്കവിധം കൈയ്യെഴുത്തുപ്രതിയുടെ പുറംചട്ടയുടെ പിൻഭാഗത്ത് ഒട്ടിക്കേണ്ടതാണ്.



* മത്സരം 2 വിഭാഗങ്ങളിലായിട്ടാണ് നടത്തപ്പെടുക.
  1. എ വിഭാഗം 40 വയസ്സിന് മുകളിൽ ഉള്ളവർ
  2. ബി വിഭാഗം 40 വയസ്സിന് താഴെയുള്ളവർ
* പേപ്പർ ഏത് തരത്തിലുള്ളതും ഉപയോഗിക്കാം.
* ബൈബിളിലെ പോലെ ഒരു പേപ്പർ 2 ഭാഗമായി തിരിച്ച് എഴുതേണ്ടതില്ല.
* ഫുഡ്നോട്ട് എഴുതേണ്ടതില്ല.
* ബാക്കി മുഴുവനും പി.ഒ.സി. ബൈബിളിലെ പോലെ തന്നെയായിരിക്കണം.

### മാനദണ്ഡങ്ങൾ

1. വൃത്തി, കൃത്യത, തെറ്റില്ലായ്മ.
2. കൈയ്യക്ഷരം മാനദണ്ഡമല്ല.
3. എഴുതുമ്പോൾ പഴയലിപിയും ഉപയോഗിക്കാം.
4. അലങ്കാരവർക്കുകൾ ഒരു മാനദണ്ഡമല്ല.
5. കൈയ്യെഴുത്ത്പ്രതികൾ വീടുകളിൽ സൂക്ഷിച്ചു വയ്ക്കുന്നതിനായി തിരികെ നൽകുന്നതാണ്.

### സുവിശേഷങ്ങൾ

* മുകളിൽ പറഞ്ഞിരിക്കുന്ന മുഴുവൻ നിബന്ധനകളും ബാധകമാണ്.
* കഴിഞ്ഞ വർഷം എഴുതി പൂർത്തിയാക്കാത്തവരെയും പുതുതായി എഴുതാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടിയാണ് ഈ മത്സരം.
* 2 വിഭാഗങ്ങളിലായിട്ടായിരിക്കും മത്സരം.
* രജിസ്ട്രേഷൻ ഫീസ് 200/- രൂപ
* കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തവരും പുതുതായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

# ഇടുക്കി രൂപത പിതൃവേദി

**ബൈബിൾ കൈയ്യെഴുത്ത് മത്സരം 2018**

**സുവിശേഷങ്ങൾ**

* നിരവധി പിതാക്കൻമാരുടെ അഭ്യർത്ഥനയെ മാനിച്ചാണ് പിതാക്കൻമാർക്കായി ഈ മത്സരം നടത്തുന്നത്.
* മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ മാനദണ്ഡങ്ങളും പിതാക്കൻമാരുടെ മത്സരത്തിലും ബാധകമാണ്.

**സമ്മാനങ്ങൾ**

* ഓരോ വിഭാഗത്തിലും വിജയികളായി പ്രഖ്യാപിക്കുന്നത് മൂന്നുപേർ വീതമായിരിക്കും.
* വിജയികൾക്ക് റാണി മരിയ തീർത്ഥാടനം (ഇൻഡോർ)
* പങ്കെടുക്കുന്ന എല്ലാവർക്കും സമ്മാനങ്ങൾ.

# ആത്മജ്യോതിയിലെ പരിപാടികൾ

**ഏപ്രിൽ 2018**

01 - 06 : എഫാത്താ ധ്യാനം
06 - 08 : ഗോത്രരശ്മി
07 - 08 : തിയോളജി കോഴ്സ്
09 - 11 : വിവാഹ ഒരുക്ക ധ്യാനം
12 - 14 : Success Mind
14 - 15 : സി.എം.എൽ. മീറ്റിംഗ്
16 - 18 : YES സി.എം.എൽ.
19 - 21 : കെ.സി.വൈ.എം. മീറ്റിംഗ്
22 - 24 : ഗോത്രരശ്മി
27 - 29 : വിവാഹ ഒരുക്ക ധ്യാനം



മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ

# സ്ഥാനീയ ചിഹ്നവും ആപ്തവാക്യവും

(സ്ഥാനീയ ചിഹ്നത്തിന്റെ ചിത്രം അവസാന കവർപേജിന്റെ ഉൾവശത്ത് കൊടുത്തിരിക്കുന്നു)

പുതുതായി അഭിഷിക്തരാകുന്ന മെത്രാൻമാർ തങ്ങളുടെ ജീവിതവീക്ഷണത്തിന്റെയും അജപാലന ദർശനങ്ങളുടെയും പ്രതീകമായി ഒരു ആപ്തവാക്യവും (Motto), സ്ഥാനീയ ചിഹ്നവും (Logo) സ്വീകരിക്കാറുണ്ട്. സ്നേഹത്തിന്റെ സുവിശേഷകൻ എന്നറിയപ്പെടുന്ന യോഹന്നാൻ ശ്ലീഹ തന്റെ സ്നേഹസന്ദേശം ഒരു വചനത്തിൽ സംഗ്രഹിക്കുന്നു: ''സ്നേഹം പ്രവൃത്തിയിലും സത്യത്തിലും.'' ഇതാണ് മാർ ജോൺ പിതാവ് തന്റെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത്. വി. യോഹന്നാന്റെ ഒന്നാം ലേഖനം മൂന്നാം അദ്ധ്യായം 18-ാം തിരുവചനത്തിന്റെ അവസാന ഭാഗത്ത് കാണപ്പെടുന്ന ഈ വാക്കുകളുടെ ശരിയായ അർത്ഥം ഗ്രഹിക്കണമെങ്കിൽ ആ വചനം മുഴുവനായും നാം വായിക്കണം: ''കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്'' (1 യോഹ: 3:18).

സത്യത്തിൽ അധിഷ്ഠിതമായ പരസ്നേഹ പ്രവൃത്തികളുടെ ഒരു ദൃശ്യാവിഷ്ക്കാരമാണ് മാർ. ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ സ്ഥാനീയ ചിഹ്നത്തിൽ നാം കാണുന്നത്. ഇതിന്റെ ചുറ്റും കാണപ്പെടുന്ന രേഖാചിത്രം രണ്ടു കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്: സ്ഥാനീയ ചിഹ്നത്തിന്റെ മുകളിലായി കാണപ്പെടുന്ന തൊപ്പിയുടെ രൂപത്തിലുള്ള വരകൾ മെത്രാന്റെ അജപാലന ദൗത്യത്തിന്റെ അടയാളമായ അംശമുടിയെ (Mitre) സൂചിപ്പിക്കുന്നു. അതിന്റെ താഴെ സ്ഥാനീയ ചിഹ്നത്തിന്റെ ഇരുവശങ്ങളിലുമായി കാണപ്പെടുന്ന പന്ത്രണ്ട് തൊങ്ങലുകൾ പന്ത്രണ്ട് അപ്പസ്തോലൻമാരുടെ പ്രതീകമാണ്. മെത്രാൻ പദവിയിലൂടെ ഒരാൾ അപ്പസ്തോലൻമാരുടെ പിൻഗാമിയായി അപ്പസ്തോലിക കൂട്ടായ്മയിൽ പങ്കുചേരുന്നുവെന്ന്

ഇത് വ്യക്തമാക്കുന്നു. സ്ഥാനികമുദ്ര ഒരു ഷീൽഡിന്റെ രൂപത്തിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. താൻ സ്വീകരിച്ച മെത്രാൻ പദവി ദൈവത്തിന്റെ ഒരു ദാനവും സമ്മാനവും ആണെന്നും, അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടാതെ ആരും സ്വയം ഈ മേൽപ്പട്ട സ്ഥാനം ഏറ്റെടുക്കുന്നില്ല (ഹെബ്രാ: 5:4) എന്ന് ഇതു വ്യക്തമാക്കുന്നു.

മാർ. ജോൺ മെത്രാന്റെ ആപ്തവാക്യമായ ''സ്നേഹം പ്രവൃത്തിയിലും സത്യത്തിലും'' എന്നതിന്റെ ഉത്തമ പ്രതീകമാണ് സ്ഥാനീയ ചിഹ്നത്തിന്റെ കേന്ദ്രസ്ഥാനത്ത് നിലകൊള്ളുന്ന ഈശോയുടെ തിരുഹൃദയം. സത്യത്തിൽ അധിഷ്ഠിതമായ സ്നേഹപ്രവൃത്തികളുമായി മുന്നോട്ടു പോകുന്നവൻ നേരിടേണ്ടിവരുന്ന എതിർപ്പുകളും പീഡനങ്ങളുമാണ് മുൾമുടികളാൽ ചുറ്റപ്പെട്ട തിരുഹൃദയം സൂചിപ്പിക്കുന്നത്. സ്ഥാനീയ ചിഹ്നത്തിൽ ഈശോയുടെ തിരുഹൃദയത്തിനു തൊട്ടുതാഴെയായി **'M'** എന്ന അക്ഷരം ചിത്രീകരിച്ചിരിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തെയാണ് ഇതു പ്രതിനിധാനം ചെയ്യുന്നത്. ഗാഗുൽത്തായിൽ വി. യോഹന്നാനോടൊപ്പം കുരിശിനുതാഴെ നിന്നവളും (യോഹ: 19:25) സത്യത്തിൽ അധിഷ്ഠിതമായ സ്നേഹത്തെ സ്വജീവിതത്തിലൂടെ പ്രവൃത്തിപഥത്തിലെത്തിച്ചവളുമായ പരിശുദ്ധ കന്യകാമറിയത്തോടുള്ള അഭിവന്ദ്യ പിതാവിന്റെ ഭക്തിയും സ്നേഹവുമാണ് ഇത് വ്യക്തമാക്കുന്നത്. **'M'** എന്ന അക്ഷരത്തിന്റെ മുകളിൽ കാണപ്പെടുന്ന കിരീടം സ്വർല്ലോകരാജ്ഞിയായി കിരീടം ധരിപ്പിക്കപ്പെട്ട മറിയത്തെ (വെളി: 12:1) സൂചിപ്പിക്കുന്നു. സ്ഥാനീയ ചിഹ്നത്തിന്റെ പശ്ചാത്തലമായി നിലകൊള്ളുന്ന പച്ചപുതച്ച മലനിരകൾ പിതാവിന്റെ അജപാലനരംഗവും മലയോരമേഖലയുമായ ഇടുക്കി രൂപതയെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ മലയോരമേഖലയിൽ നിവസിക്കുന്ന തന്റെ അജഗണങ്ങളെ പച്ചയായ പുൽമേടുകളിലേക്ക് നയിക്കുവാനുള്ള തന്റെ ഇടയദൗത്യത്തെയും (സങ്കീ: 23:2) ഇതു സൂചിപ്പിക്കുന്നു. മലയുടെ മുകളിൽ കാണപ്പെടുന്ന നീലാമ്പരം സ്വർഗ്ഗീയ മഹത്വത്തിന്റെ പ്രതീകമാണ്. പുതിയ ഇടയന്റെ ദൗത്യവും ലക്ഷ്യവും തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന ദൈവ



ജനത്തെ ഒന്നാകെ അവസാനം സ്വർഗ്ഗീയ മഹത്വത്തിലേക്ക് നയിക്കുക എന്നതാണ്. തിരുഹൃദയത്തിന്റെ മുകളിലായി ജ്വലിച്ചു നിൽക്കുന്ന ദീപം സ്ഥാനീയ ചിഹ്നത്തിൽ മലയിൽ ഉയർത്തപ്പെട്ടതായും അതിന്റെ പ്രഭ ലോകമെങ്ങും പ്രസരിക്കുന്നതായും കാണപ്പെടുന്നു. മനുഷ്യർ നിങ്ങളുടെ സത്യത്തിലധിഷ്ഠിതമായ സ്നേഹത്തിന്റെ പ്രവർത്തനങ്ങൾകണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി: 5:16) എന്ന യേശുവിന്റെ വചനം ഇവിടെ അന്വർത്ഥമാക്കുന്നു.

സ്ഥാനികചിഹ്നത്തിൽ ഏറ്റവും മുകളിലായി കാണപ്പെടുന്നത് വി. ഗ്രന്ഥവും, മാർത്തോമ്മാ സ്ലീവായുമാണ്. തന്റെ ശുശ്രൂഷയ്ക്കായി ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന അജഗണങ്ങളോട് ദൈവവചനം പ്രഘോഷിക്കുകയും അവരെ പഠിപ്പിക്കുകയുമാണ് ഒരു മെത്രാന്റെ പ്രഥമവും പ്രധാനവുമായ ദൗത്യം (CCC 888) എന്ന വസ്തുതയാണ് തുറന്നു വച്ചിരിക്കുന്ന വി. ഗ്രന്ഥം പ്രതീകാത്മകമായി ചിത്രീകരിച്ചിരിക്കുന്നത്. മാർത്തോമ്മ സ്ലീവ ഉത്ഥിതനായ മിശിഹായുടെ പ്രതീകവും മാർത്തോമ്മ ക്രിസ്ത്യാനികളായ സീറോ - മലബാർ സഭാംഗങ്ങളുടെ വിശ്വാസ-പാരമ്പര്യങ്ങളുടെ പ്രതീകവുമാണ്. സീറോ - മലബാർ സഭയുടെ വിശ്വാസ പാരമ്പര്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് മാർ സ്ലീവായ്ക്ക് പ്രതിഷ്ഠിതമായിരിക്കുന്ന ഇടുക്കി രൂപതയിൽ തന്നെ ഏൽപ്പിച്ചിരിക്കുന്ന രൂപതയിലെ ദൈവജനത്തെ മുന്നോട്ടു നയിക്കുവാനുള്ള തന്റെ ദൗത്യമാണ് ഇതു വ്യക്തമാക്കുന്നത്. ചുരുക്കത്തിൽ ''സ്നേഹം പ്രവൃത്തിയിലും സത്യത്തിലും'' എന്ന ആപ്തവാക്യം മുദ്രണം ചെയ്തിരിക്കുന്ന ഈ സ്ഥാനീയ ചിഹ്നംതന്നെ അഭിവന്ദ്യ മാർ. ജോൺ നെല്ലിക്കുന്നേൽ പിതാവ് ദൈവസന്നിധിയിൽ സമർപ്പിക്കുന്ന സുന്ദരമായ ഒരു പ്രാർത്ഥനയാണ്.

# നിര്യാതയായി



**റവ. സി. പ്രസന്ന FCC (മാറാച്ചേരിയിൽ)**

| | | |
|---|---|---|
| ഇടവക | : | ഞാറക്കാട് |
| ജനനം | : | 04.08.1943 |
| ആദ്യവ്രതം | : | 11.01.1968 |
| നിത്യവ്രതം | : | 01.05.1974 |
| മരണം | : | 27.02.2018 |
| മൃതസംസ്ക്കാരം | : | 01.03.2018 |



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**മാർച്ച് 2018**

01 മുരിക്കാശ്ശേരിയിൽ സി. പ്രസന്ന എഫ്.സി.സി.യുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

03 കുഞ്ചിത്തണ്ണി ഇടവകയിൽ കൃതജ്ഞതാബലിയിൽ കാർമ്മികത്വം വഹിക്കുകയും, പൊതുസമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

04. വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

23. ഉപ്പുതോട് ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപനസന്ദേശം നല്കി.

24 വാഴത്തോപ്പ് കത്തീഡ്രലിൽ വൈദികാർത്ഥികൾക്ക് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ നല്കി.

25 വാഴത്തോപ്പ് കത്തീഡ്രലിൽ ഓശാന ഞായറാഴ്ച്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

27. അടിമാലി ഇടവകയിൽ നടത്തിയ കൺവൻഷനിൽ സമാപന സന്ദേശം നൽകി.

29 കത്തീഡ്രലിൽ മൂറോൻ വെഞ്ചരിപ്പ് തിരുക്കർമ്മങ്ങൾ നടത്തി.

* കത്തീഡ്രലിൽ പെസഹാവ്യാഴാഴ്ച്ചത്തെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

30 കത്തീഡ്രലിൽ ദു:ഖവെള്ളിയുടെ തിരുക്കർമ്മങ്ങൾ നടത്തി.

31 കത്തീഡ്രലിൽ വലിയ ശനിയാഴ്ച്ചത്തെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

# അഭിവന്ദ്യ പിതാവിന്റെ പരിപാടികൾ

**ഏപ്രിൽ 2018**

| | | |
|---|---|---|
| 02 | 03.00 pm | മഠം വെഞ്ചരിപ്പ്, മേരിലാന്റ് |
| 05 | 02.00 pm | മെത്രാഭിഷേകം, കത്തീഡ്രൽ വാഴത്തോപ്പ് |
| 07 | 04.00 pm | കുരിശുപള്ളി വെഞ്ചരിപ്പ്, കാഞ്ചിയാർ |
| 14 | 10.00 am | വെഞ്ചരിപ്പ്, വെള്ളയാംകുടി |
| 14 | 11.00 am | വിവാഹം, കാഞ്ചിയാർ |
| 15 | 04.00 pm | സിമിത്തേരി വെഞ്ചരിപ്പ്, കരിമ്പൻ |
| 22 | 10.00 am | സുവർണ്ണജൂബിലി, തിങ്കൾക്കാട് |
| 25 | 09.00 am | Interview, മൈനർ സെമിനാരി |
| 29 | 11.00 am | വിവാഹം, വള്ളക്കടവ് |

